# ALL INDIA RADIO, THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## NATIONAL BULLETIN

**DATE : 21.01.2026** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. അടൽ പെൻഷൻ യോജന 2030-31 വരെ തുടരുന്നതിന് കേന്ദ്ര മന്ത്രിസഭാ യോഗത്തിൻറെ അനുമതി.

   **Centre approves continuation of Atal Pension Yojana till the year 2030-31.**

2. നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾക്കായി സാങ്കേതിക-നിയമ സംവിധാനങ്ങൾ ആവശ്യമാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

   **Union Electronics and IT Minister Ashwini Vaishnaw has said that AI regulation must follow a techno-legal approach, not just standalone laws.**

3. അരാവല്ലിയിലെ ഖനനവും അനുബന്ധ പ്രശ്നങ്ങളും സംബന്ധിച്ച് സമഗ്ര പരിശോധന നടത്തുന്നതിന് വിദഗ്ദ്ധ സമിതി രൂപീകരിക്കുമെന്ന് സുപ്രീം കോടതി.

   **Supreme Court today said it will constitute an expert committee comprising domain experts to undertake an exhaustive and holistic examination of mining and related issues in the Aravallis.**

4. അർഹരായ എല്ലാ വോട്ടർമാരെയും ഉൾപ്പെടുത്തി കുറ്റമറ്റ വോട്ടർ പട്ടിക സൃഷ്ടിക്കേണ്ടത് ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ അനിവാര്യമാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ.

   **Chief Election Commissioner Gyanesh Kumar has said that maintaining pure electoral rolls with the inclusion of every eligible elector is essential for the strengthening of democracy.**

5. അന്തരിച്ച എംഎൽഎ കാനത്തിൽ ജമീലയ്ക്ക് ചരമോപചാരം അർപ്പിച്ച് കേരള നിയമസഭ.

നയപ്രഖ്യാപനത്തിന്മേലുള്ള നന്ദി പ്രമേയ ചർച്ചകൾക്ക് സഭയിൽ നാളെ തുടക്കം.

**Kerala Legislative Assembly paid tributes to late Kerala MLA Kanathil Jameela. Discussions on Governor's policy address will begin tomorrow in Kerala Assembly.**

6. ഇന്ത്യാ-ന്യൂസിലൻഡ് ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം നാഗ്പൂരിൽ പുരോഗമിക്കുന്നു.

**The first match in Kerala New Zealand T-20 cricket series is underway in Nagpur**

&&&&&&&&&&&&&&&&&&

## UNION CABINET

അടൽ പെൻഷൻ യോജന 2030-31 സാമ്പത്തിക വർഷം വരെ തുടരുന്നതിന് കേന്ദ്ര മന്ത്രിസഭാ യോഗത്തിൻറെ അനുമതി. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ധനസഹായം ദീർഘിപ്പിക്കാനും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭ യോഗം തീരുമാനിച്ചു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വാർധക്യകാല വരുമാന സുരക്ഷ നൽകുക എന്ന ലക്ഷ്യത്തോടെ 2015-ലാണ് പദ്ധതി ആരംഭിച്ചത്. സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് 5,000 കോടി രൂപയുടെ ഓഹരി പിന്തുണ നൽകുന്നതിനും മന്ത്രിസഭാ യോഗം അനുമതി നൽകി. 25 ലക്ഷത്തി 74,000ലധികം പുതിയ M S M E ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

&&&&&&&&&&&&&&&&&&

## REPUBLIC DAY PREPS

77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. ജനുവരി 26 ന് ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും. പരേഡിന് സാക്ഷ്യം വഹിക്കാൻ പതിനായിരത്തോളം പ്രത്യേക അതിഥികളെയാണ് ഇക്കുറി ക്ഷണിച്ചിരിക്കുന്നത്. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള നിശ്ചലദൃശ്യങ്ങൾ പരേഡിന് മാറ്റേകും. യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അൻറോണിയോ കോസ്റ്റയും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെയറും റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ മുഖ്യാതിഥികളാകും. ദേശീയഗീതമായ "വന്ദേമാതര" ത്തിൻറെ 150-ാം വാർഷികമാണ്

ഈ വർഷത്തെ ദിനാഘോഷ പ്രമേയം. റിപ്പബ്ലിക് ദിന പരേഡിൻ്റെ ഫുൾ ഡ്രസ് റിഹേഴ്സൽ ഈ മാസം 23ന് നടക്കും.

&&&&&&&&&&&&&&&&&

## ASHWINI- AI DAVOS (INTRO)

നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾക്കായി സാങ്കേതിക-നിയമ സംവിധാനങ്ങൾ ആവശ്യമാണെന്ന് കേന്ദ്ര ഇലക്ട്രോണിക്സ്, ഐടി മന്ത്രി അശ്വിനി വൈഷ്ണവ്. ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഡീപ് ഫേക് ഉൾപ്പെടെയുള്ള വെല്ലുവിളികൾ പരിഹരിക്കുന്നതിന് ശക്തമായ സാങ്കേതിക സംവിധാനങ്ങൾ ആവശ്യമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ഇതിനായുള്ള സാങ്കേതിക വിദ്യകൾ ഇന്ത്യ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും ശ്രീ വൈഷ്ണവ് അറിയിച്ചു.

**(ഹോൾഡ് വോയ്സ്........)**

&&&&&&&&&&&&&&&&&

## SC-ARAVALLI

അരാവല്ലിയിലെ ഖനനവും അനുബന്ധ പ്രശ്നങ്ങളും സംബന്ധിച്ച് സമഗ്ര പരിശോധന നടത്തുന്നതിന് വിദഗ്ദ്ധ സമിതി രൂപീകരിക്കുമെന്ന് സുപ്രീം കോടതി. അനധികൃത ഖനനം നികത്താനാകാത്ത നാശനഷ്ടങ്ങൾക്ക് കാരണമാകുമെന്ന് കോടതി നിരീക്ഷിച്ചു. ഇതിനായി വിഷയത്തിൽ പാണ്ഡിത്യമുള്ള പരിസ്ഥിതി പ്രവർത്തകരുടെയും ശാസ്ത്രജ്ഞരുടെയും പേരുകൾ നാല് ആഴ്ചയ്ക്കുള്ളിൽ നിർദ്ദേശിക്കാൻ ചീഫ് ജസ്റ്റിസ് സൂര്യകാന്ത് ഉൾപെട്ട ബെഞ്ച് അഡീഷണൽ സോളിസിറ്റർ ജനറൽ ഐശ്വര്യ ഭാട്ടി, അമിക്കസ് ക്യൂറി കെ പരമേശ്വർ എന്നിവരോട് നിർദ്ദേശിച്ചു. പരമോന്നത കോടതിയുടെ നിരീക്ഷണത്തിലായിരിക്കും സമിതി പ്രവർത്തിക്കുക എന്നും ബെഞ്ച് വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## CEC Gyanesh Kumar (INTRO)

അർഹരായ എല്ലാ വോട്ടർമാരെയും ഉൾപ്പെടുത്തി കുറ്റമറ്റ വോട്ടർ പട്ടിക സൃഷ്ടിക്കേണ്ടത് ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ അനിവാര്യമാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. രാജ്യത്തെ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ അടിസ്ഥാന ചുമതലക്കാരാണ് ബൂത്ത് തല ഉദ്യോഗസ്ഥരെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ജനാധിപത്യവും തിരഞ്ഞെടുപ്പ്

നടത്തിപ്പും സംബന്ധിച്ചു നടന്ന അന്താരാഷ്ട്ര സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

**(ഹോൾഡ് വോയ്സ്)**

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ആതിഥേയത്വം വഹിക്കുന്ന മൂന്ന് ദിവസത്തെ IICDEM സമ്മേളനത്തിൽ എഴുപതിലധികം രാജ്യങ്ങളിൽ നിന്നും നൂറോളം പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## PREZ-JOSE MANUEL ALBARES

സ്പെയിൻ വിദേശകാര്യ മന്ത്രി ജോസ് മാനുവൽ അൽബാരസ് രാഷ്ട്രപതി ദ്രൗപതി മുർമുവുമായി കൂടിക്കാഴ്ച നടത്തി. രാഷ്ട്രപതി ഭവനിലായിരുന്നു കൂടിക്കാഴ്ച. വിദേശകാര്യമന്ത്രി എസ് ജയശങ്കറും, സ്പാനിഷ് വിദേശകാര്യ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&

## PM Visit arrangements

പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ദിവസത്തെ സന്ദർശനത്തിനായി മറ്റന്നാൾ തിരുവനന്തപുരത്ത് എത്തും. പുത്തരിക്കണ്ടം മൈതാനിയിൽ രണ്ടു വ്യത്യസ്ത പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. കേരളത്തിന് അനുവദിച്ച പുതിയ 4 ട്രെയിനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും. ബിജെപി സംഘടിപ്പിക്കുന്ന പരിപാടിയിൽ തുടർന്ന് പങ്കെടുക്കുന്ന അദ്ദേഹം തിരുവനന്തപുരത്തിനായുള്ള നഗര വികസന രേഖയുടെ പ്രഖ്യാപനം ചടങ്ങിൽ നടത്തും. തിരുവനന്തപുരം ബയോ-360 ലൈഫ് സയൻസസ് പാർക്കിലെ CSIR–NIIST ഇന്നൊവേഷൻ, ടെക്നോളജി ആൻഡ് ഓൻട്രപ്രണർഷിപ്പ് ഹബ്ബിൻറെ ശിലാസ്ഥാപനവും പ്രധാനമന്ത്രി വെള്ളിയാഴ്ച നിർവഹിക്കും. ശ്രീ മോദിയുടെ സന്ദർശനത്തിന്റെ പശ്ചാത്തലത്തിൽ വൻ സുരക്ഷാ സന്നാഹങ്ങളാണ് തിരുവനന്തപുരം നഗരത്തിൽ ഏർപ്പെടുത്തിയിട്ടുള്ളത്.

&&&&&&&&&&&&&&&&&&

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ

ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

&&&&&&&&&&&&&&&&&&

## NIYAMA SABHA

അന്തരിച്ച എംഎൽഎ കാനത്തിൽ ജമീലയ്ക്ക് ചരമോപചാരം അർപ്പിച്ച് നിയമസഭ. പുരോഗമന പ്രസ്ഥാനത്തിന് നികത്താനാകാത്ത നഷ്ടമാണ് കാനത്തിൽ ജമീലയുടെ വിയോഗമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാനത്തിന്റെ സാമൂഹിക രാഷ്ട്രീയ ഭൂപടത്തിൽ സ്ത്രീകളുടെ സ്വരം ഉയർത്തുന്നതിന് ശ്രദ്ധ നൽകിയിരുന്ന നേതാവായിരുന്നു കാനത്തിൽ ജമീല എന്ന് സ്പീക്കർ എ എൻ ഷംസീർ അനുസ്മരിച്ചു. സഭയിൽ എല്ലായ്പ്പോഴും ജനാധിപത്യ ബോധവും മതേതര നിലപാടും പ്രകടിപ്പിച്ച വ്യക്തിയായിരുന്നു കാനത്തിൽ ജമീലയെന്ന് പ്രതിപക്ഷ നേതാവിനെ പ്രതിനിധീകരിച്ച് കെ.ബാബു എംഎൽഎ പറഞ്ഞു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് മേലുള്ള നന്ദിപ്രമേയ ചർച്ച സഭയിൽ നാളെ ആരംഭിക്കും.

&&&&&&&&&&&&&&&&&&

## CABINET MEETING

വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപ്പൊട്ടൽ ദുരന്ത ബാധിത പ്രദേശത്തെ കുടുംബശ്രീ അംഗങ്ങൾക്കുള്ള പ്രത്യേക വായ്പാ പദ്ധതിക്കും വയനാട്, കോഴിക്കോട് ജില്ലകളിലെ ദുരന്ത ബാധിതർക്കായുള്ള ഉജ്ജീവന പദ്ധതിക്കും സംസ്ഥാന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. വനം വന്യജീവി വകുപ്പിൽ ആറ് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കാനും ഇന്ന് ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു.

&&&&&&&&&&&&&&&&&&

## REV. AIR CHIEF MARSHAL – MILITARY POWER (INTRO)

ശക്തമായ സൈനിക ശക്തിയും, അത് ഉപയോഗിക്കാനുള്ള ഇച്ഛാശക്തിയും ഒരുപോലെ ആവശ്യമാണെന്ന് വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ അമർ പ്രീത് സിംഗ്. ന്യൂഡൽഹിയിൽ ദേശീയ സുരക്ഷയെക്കുറിച്ചുള്ള 22-ാമത് സുബ്രതോ മുഖർജി സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&

## PM-PRAGATI

രാജ്യത്ത് സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കുന്നതിന് 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ച പ്രഗതി സംരംഭത്തിൻറെ ഫലപ്രാപ്തിയുടെ മികച്ച ഉദാഹരണങ്ങളിൽ ഒന്നാണ് ആന്ധ്രാപ്രദേശിലെ എയിംസ് മംഗളഗിരി . 2018 ൽ ഒരു താൽക്കാലിക കാമ്പസിൽ പ്രവർത്തനം ആരംഭിച്ച എയിംസ് മംഗളഗിരിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ പ്രധാനമന്ത്രി നടത്തിയ പ്രഗതി അവലോകന യോഗത്തിലൂടെ സാധിച്ചു. തുടർന്ന് 2023 ജനുവരിയിൽ ഇത് കമ്മീഷൻ ചെയ്തു. 2024 ഫെബ്രുവരിയിലായിരുന്നു ഔദ്യോഗിക ഉദ്ഘാടനം . ഇന്ന്, 41 വിഭാഗങ്ങളിലായി നൂതനവും അടിയന്തരവുമായ മെഡിക്കൽ സേവനങ്ങൾ എയിംസ് മംഗളഗിരി നൽകുന്നുണ്ട്.

&&&&&&&&&&&&&&&&&&

## CRICKET - IND VS NZ T20

ഇന്ത്യാ-ന്യൂസിലൻഡ് ടി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം നാഗ്പൂരിൽ പുരോഗമിക്കുന്നു. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ ഒടുവിൽ വിവരം ലഭിക്കുമ്പോൾ 5.2 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 60 റൺസ് എന്ന നിലയിലാണ്.

&&&&&&&&&&&&&&&&&&

## REV DAY SANTOSH TROPHY

79-ാമത് സന്തോഷ് ട്രോഫി ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് അസമിൽ തുടക്കമായി. ഗ്രൂപ്പ് എ യിൽ രാജസ്ഥാൻ ഉത്തരാഖണ്ഡിനെയും, തമിഴ്നാട് അസമിനെയും, പശ്ചിമ ബംഗാൾ നാഗാലാൻഡിനെയും പരാജയപ്പെടുത്തി. നാളെ പഞ്ചാബിനെതിരെയാണ് കേരളത്തിൻറെ ആദ്യ മത്സരം.

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App

എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 23 വരെ അറിയിക്കാം.

&&&&&&&&&&&&&&&&&
&&&&&&&&&&&&&&
&&&&&&&&&&&&